# അവരും ഇവരും ഒന്നുതന്നെ

**ബ്രിട്ടനിൽ** മെയ് 16-ന് നടക്കുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ ലേബർ പാർട്ടി നാലാം തവണയും അധികാരത്തിലേറുമോ? പരമ്പരാഗത വൈരികളായ ടോറികൾ അധികാരം തിരിച്ചു പിടിക്കുമോ? നിക് ക്ലെഗ്ഗിന്റെ ഉജ്വല നേതൃത്വത്തിൻ കീഴിൽ ലിബറൽ ഡെമോക്രാറ്റുകൾ കറുത്ത കുതിരകളാകുമോ? ഈ വഴിക്കൊക്കെയാണ് മീഡിയാ ചർച്ചകൾ. എന്നാൽ ലണ്ടനിൽ നിന്നിറങ്ങുന്ന *അൽ ഹയാത്ത്* അറബി ദിനപത്രത്തിന്റെ (ഏപ്രിൽ 15) കോളമിസ്റ്റ് ജിഹാദുൽ ഖാസിൻ മറ്റൊരു കോണിലൂടെ തെരഞ്ഞെടുപ്പിനെ നോക്കിക്കാണുന്നു.




മധ്യ പൗരസത്യ പ്രശ്നങ്ങളോടുള്ള ലേബറിന്റെയും ടോറികളുടെയും നിലപാടെന്ത് എന്നാണ് അദ്ദേഹം അന്വേഷിച്ചത്. പൊതുവെ അത്തരം വിഷയങ്ങൾക്കൊക്കെ വളരെ കുറഞ്ഞ ഇടമേ തങ്ങളുടെ പ്രകടനപത്രികകളിൽ ഇരു പാർട്ടികളും നൽകിയിട്ടുള്ളൂ. ദേശീയ വിഷയങ്ങളിലും പ്രശ്നങ്ങളിലുമാണ് ഇരുവരുടെയും ഊന്നൽ. അന്തർദേശീയ വിഷയങ്ങളിൽ ഏറ്റവും കുറഞ്ഞ പരിഗണനയാണ് മധ്യ പൗരസ്ത്യ പ്രശ്നങ്ങൾക്ക് ലഭിച്ചതെന്നും ജിഹാദുൽ ഖാസിൻ കണ്ടെത്തുന്നു. കൃത്യമായി പറഞ്ഞാൽ, ലേബർ പാർട്ടിയുടെ പ്രകടനപത്രിക പത്ത് അധ്യായങ്ങളിലായി 78 പേജുണ്ട്. മൂന്ന് ലക്ഷത്തിലധികം വാക്കുകൾ. ഇതിൽ നൂറ് വാക്കുകൾ മാത്രമാണ് മിഡിൽ ഈസ്റ്റിനെക്കുറിച്ച്. പ്രതിപക്ഷമായ ടോറികളുടെ കാര്യത്തിലും ഏറെക്കുറെ ഇതുതന്നെ സ്ഥിതി. പ്രശ്നത്തിൽ ഇരുകൂട്ടരുടെയും നിലപാടോ?

"ലേബർ പാർട്ടി ഇസ്രയേലിനൊപ്പവും അറബികൾക്കെതിരുമാണ്. ടോറികളാകട്ടെ, അറബികൾക്കെതിരും ഇസ്രയേലിനൊപ്പവുമാണ്." തമാശ കലർത്തിയുള്ള ജിഹാദുൽ ഖാസിന്റെ കമന്റ്.

ഇരു പ്രകടനപത്രികകളും ഇറാന്റെ ആണവായുധ ഭീഷണിയെക്കുറിച്ച് വാചാലമാവുമ്പോൾ, ഇസ്രയേലിന്റെ ആണവായുധ കൂമ്പാരത്തെ കുറിച്ച് മിണ്ടുന്നില്ല. ഇറാഖ് സ്പർശിച്ച് പോവുന്നേയുള്ളൂ. അതേസമയം അഫ്ഗാനിസ്താനിലെ അൽഖാഇദ ഭീഷണിയെക്കുറിച്ച് വളരെ കനപ്പിച്ച് പറയുന്നുണ്ട്. ലേബറോ ടോറികളോ ലിബറൽ ഡെമോക്രാറ്റുകളോ ആര് വന്നാലും ഇത്തരം വിഷയങ്ങളിലൊന്നും ഒരു നയംമാറ്റവും പ്രതീക്ഷിക്കേണ്ടതില്ല. ■

# അവർ നിശ്ശബ്ദത ഭേദിക്കുന്നു




**അയൽക്കാരായ** അറബ് ഭീകരന്മാരാൽ നിരന്തരം വെല്ലുവിളിക്കപ്പെടുന്ന മധ്യ പൗരസ്ത്യ ദേശത്തെ ഏക ജനാധിപത്യ രാഷ്ട്രം- ഇതാണ് പാശ്ചാത്യ നാടുകളിൽ ഇസ്രയേലിനെക്കുറിച്ച് ആഴത്തിൽ വേരുറച്ചുപോയ മിത്ത്. സയണിസ്റ്റുകൾ കൈയടക്കിവെച്ച അമേരിക്കൻ മീഡിയയാണ് ഈ മിത്തിനെ പൊലിപ്പിച്ചെടുത്ത് സംരക്ഷിക്കുന്നത്. ജൂത രാഷ്ട്രത്തിനെതിരെയുള്ള ഏതു നീക്കത്തെയും മുളയിലേ നുള്ളാൻ അമേരിക്കൻ ഭരണാധികാരികളെയും സെനറ്റർമാരെയും ജൂതലോബി നേരത്തെ തന്നെ വിലയ്ക്കെടുക്കുകയും ചെയ്തിരിക്കുന്നു. ലോക സമാധാനത്തിന് തന്നെ ഏറ്റവും വലിയ ഭീഷണി ഉയർത്തുന്ന ഇസ്രയേൽ അണിഞ്ഞിരിക്കുന്ന ഈ ആട്ടിൻതോൽ പിച്ചിച്ചീന്തി അതിനു പിന്നിൽ ഒളിഞ്ഞിരിക്കുന്ന ചെന്നായയുടെ ദംഷ്ട്രകളെ വെളിപ്പെടുത്തുന്ന ആക്ടിവിസം ഇസ്രയേലിൽതന്നെ ശക്തിപ്പെടുന്നു എന്നതാണ് ഇതിന്റെ ക്രിയാത്മക വശം.

നിശ്ശബ്ദത ഭേദിക്കുന്നു (Breaking the Silence) എന്ന പേരിൽ മുൻ ഇസ്രയേലി സൈനികർ ഒരു വേദി രൂപവത്കരിച്ചിട്ടുണ്ട് അഞ്ചു വർഷം മുമ്പ്. അധിനിവിഷ്ഠ പ്രദേശങ്ങളിലെ തദ്ദേശികളായ ഫലസ്ത്വീനികളോട് ഇസ്രയേലീ സൈനികർ കാണിക്കുന്ന ക്രൂരതകൾ പുറത്തുകൊണ്ടുവരുന്നതിൽ ഈ വേദി വലിയ പങ്ക് വഹിച്ചുകൊണ്ടിരിക്കുന്നു. 'പട്ടാളക്കാർ തുറന്ന് സംസാരിക്കുന്നു' എന്ന പേരിൽ ഇവർ കുറെ രേഖകൾ പുറത്തുവിട്ടിട്ടുണ്ട്. ഫലസ്ത്വീനികൾക്കെതിരെയുള്ള നരവേട്ടയിൽ പങ്കാളികളാവുകയോ അതിന് ദൃക്സാക്ഷികളാവുകയോ ചെയ്ത സൈനികരുടെ അനുഭവ വിവരണങ്ങളാണ് ഇതിൽ. ഈ കൂട്ടായ്മ പ്രസിദ്ധീകരിച്ച ഏറ്റവുമൊടുവിലത്തെ ലഘു പുസ്തകത്തിൽ, ഇസ്രയേലിലെ നിരവധി വനിതാ സൈനികരുടെ ഞെട്ടിക്കുന്ന അനുഭവ വിവരണങ്ങളാണ് കൊടുത്തിരിക്കുന്നത്.

*കമ്യൂണലിസം കോംപാക്ടി*ന്റെ 2010 ഫെബ്രുവരി ലക്കത്തിൽ ഈ ലഘു പുസ്തകം ഏറെക്കുറെ പൂർണമായി എടുത്തു ചേർത്തിരിക്കുന്നു. സ്ഥല പരിമിതി മൂലം കുറച്ച് ഭാഗങ്ങൾ ഒഴിവാക്കിയിട്ടുണ്ട്. ഒരു ലക്കം മുഴുവൻ അതിനായി നീക്കി വെച്ച മാസിക അഭിനന്ദനം അർഹിക്കുന്നു. ■

# ഡോ. അസ്റാർ അഹ്മദ്

**പാകിസ്താനിലെ** അറിയപ്പെട്ട ഇസ്ലാമിക പണ്ഡിതനും ഖുർആൻ വ്യാഖ്യാതവുമായ ഡോ. അസ്റാർ അഹ്മദ് ഏപ്രിൽ 14-ന് ലാഹോറിൽ നിര്യാതനായി. 78 വയസ്സായിരുന്നു. ദീർഘകാലമായി രോഗശയ്യയിലായിരുന്നു അദ്ദേഹം. 1932 ഏപ്രിൽ 26-ന് ഹരിയാനയിലാണ് ജനനം. സ്കൂൾ പഠന കാലത്ത് മുസ്ലിം സ്റ്റുഡന്റ്സ് ഫെഡറേഷൻ എന്ന വിദ്യാർഥി സംഘടനയുടെ ജനറൽ സെക്രട്ടറിയായി. വിഭജനാനന്തരം പാകിസ്താനിലേക്ക് പോയ അദ്ദേഹം ലാഹോർ ഗവൺമെന്റ് കോളേജിൽനിന്നും എം.എസ്.സി ബിരുദവും കിംഗ് എഡ്വേർഡ് മെഡിക്കൽ കോളേജിൽനിന്ന് മെഡിക്കൽ ബിരുദവും കരസ്ഥമാക്കി. കറാച്ചി യൂനിവേഴ്സിറ്റിയിൽനിന്ന് ഇസ്ലാമിക പഠനത്തിൽ ബിരുദാനന്തര ബിരുദവുമുണ്ട്. പാകിസ്താനിൽ പഠന കാലത്ത് ജംഇയ്യത്തുത്ത്വലബയുടെ അധ്യക്ഷനായിരുന്നു. ജമാഅത്തെ ഇസ്ലാമിയുമായി ദീർഘനാൾ ബന്ധമുണ്ടായിരുന്ന അദ്ദേഹം പിന്നീട് മൗദൂദിയുമായുള്ള അഭിപ്രായ വ്യത്യാസം കാരണം ജമാഅത്ത് വിട്ട് തഹ്രീക് തൻസീമെ ഇസ്ലാമി എന്ന സംഘടനക്ക് 1975-ൽ രൂപം നൽകി. മരണം വരെ അതിന്റെ പ്രസിഡന്റായി തുടർന്നു.



1965-ൽ ലാഹോറിലേക്ക് താമസം മാറ്റിയ അദ്ദേഹം ധാരാളം ഖുർആൻ പഠനവേദികൾ സംഘടിപ്പിച്ചിരുന്നു. 1972-ൽ ഖുർആൻ പഠനം പ്രോത്സാഹിപ്പിക്കാനായി അൻജുമൻ ഖുദ്ദാമുൽ ഖുർആൻ എന്ന ഒരു വേദി രൂപവത്കരിച്ചു.

1981–ൽ ഏതാനും മാസങ്ങൾ ജനറൽ സിയാഉൽ ഹഖിന്റെ മജ്‌ലിസ് ശൂറായിലെ അംഗമായിരുന്നിട്ടുമുണ്ട്. തന്റെ അവസാന നാൾ വരെയും പാകിസ്താനിലെ ടി.വി ചാലനുകളിൽ ഖുർആൻ പഠന പരിപാടികൾ അവതരിപ്പിച്ചിരുന്നു. ദൃശ്യ–പത്ര മാധ്യമങ്ങളിലൂടെയും യൂനിവേഴ്‌സിറ്റികളും കോളേജുകളും ഉപയോഗപ്പെടുത്തിയും ഇസ്‌ലാമിക പ്രബോധന പ്രവർത്തനങ്ങൾ ധാരാളമായി നടത്തിയിരുന്നു. ലാഹോർ മോഡൽ ടൗണിലെ ഖാലിദ് സെൻട്രൽ പാർക്ക് മൈതാനിയിൽ നടന്ന ജനാസ നമസ്‌കാരത്തിൽ പാകിസ്താൻ ജമാഅത്തെ ഇസ്‌ലാമി അമീർ മുനവ്വർ ഹസൻ, മുൻ അമീർ ഖാദി ഹുസൈൻ അഹ്മദ്, ലാഹോർ ഹൈക്കോടതി ചീഫ് ജസ്റ്റിസ് ഖാജാ മുഹമ്മദ് ശരീഫ്, ജമാഅത്ത് അഹ്‌ലെ ഹദീസ് അധ്യക്ഷൻ സുഹൈർ അഹ്മദ് സഹീർ ഉൾപ്പെടെ നിരവധി പ്രമുഖർ പങ്കെടുത്തു. പാകിസ്താൻ പ്രസിഡന്റ് ആസിഫ് അലി സർദാരി, പഞ്ചാബ് പ്രവിശ്യയുടെ മുഖ്യമന്ത്രി ശഹ്ബാസ് ശരീഫ് തുടങ്ങിയ നേതാക്കൾ അദ്ദേഹത്തിന്റെ മരണത്തിൽ അനുശോചിച്ചു. അറുപതിലധികം ഗ്രന്ഥങ്ങളെഴുതിയ അദ്ദേഹത്തിന് സിതാരെ– ഇംതിയാസ് അവാർഡും ലഭിച്ചിട്ടുണ്ട്. ■